# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5966

04.11.2016 -ൽ
മറുപടിയ്ക്ക്

**<u>ലോ കോളേജുകളിൽ ത്രിവത്സര, പഞ്ചവത്സര ഇന്റഗ്രേറ്റഡ് കോഴ്സ്</u>**

<u>ചോദ്യം</u>

ശ്രീ.കെ.വി.വിജയദാസ്

(എ) സംസ്ഥാനത്തെ ലോ കോളേജുകളിൽ ത്രിവത്സര, പഞ്ചവത്സര ഇന്റഗ്രേറ്റഡ് കോഴ്സുകളിലെ പ്രവേശനത്തിന് പ്രായപരിധി നിർണ്ണയിച്ചു കൊണ്ട് സർക്കാരോ മറ്റേതെങ്കിലും അധികാര കേന്ദ്രങ്ങളോ തീരുമാനമോ ഉത്തരവോ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം പ്രായപരിധി ബാധകമാക്കിയത് വിദ്യ അഭ്യസിക്കുന്നതിനും തൊഴിലിൽ ഏർപ്പെടുന്നതിനുമുള്ള മൗലികമായ പൗരാവകാശത്തെ ഹനിക്കുന്ന പ്രക്രിയയാകയാൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

സി) പ്രസ്തുത കോഴ്സുകളിലെ പ്രവേശന പ്രക്രിയകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി</u>

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ, ബി & സി) ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും, സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് ത്രിവത്സര, പഞ്ചവത്സര ഇന്റഗ്രേറ്റഡ് എൽ.എൽ.ബി കോഴ്സുകളിലെ പ്രവേശനത്തിന് പ്രായപരിധി നിശ്ചയിച്ചുകൊണ്ട് 21.10.2016 തീയതിയിലെ ജി.ഒ (എം.എസ്) 213/16/ഉ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ 34237/16, മറ്റ് അനുബന്ധ ഹർജികളിൻമേൽ 25.10.2016 ലെ വിധിന്യായ പ്രകാരം ടി ഉത്തരവ് സ്റ്റേ ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ കാലതാമസം കൂടാതെ ഈ വർഷത്തെ അഡ്മിഷൻ/അലോട്ട്മെന്റ് നടത്തുവാൻ പ്രവേശന പരീക്ഷ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ